**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** **27-01-2026 - ൽ മറുപടിയ്ക്ക്**

**സാന്ത്വന പരിചരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ രംഗത്ത് എല്ലാ കിടപ്പുരോഗികൾക്കും പരിചരണം ഉറപ്പാക്കി സമഗ്ര സാന്ത്വന പരിപാലന മാതൃക സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | കിടപ്പിലായ രോഗികൾക്ക് സാമൂഹിക പങ്കാളിത്തത്തോടെയുള്ള പാലിയേറ്റീവ് പരിചരണം ഉറപ്പാക്കി സമഗ്ര സാന്ത്വന പരിചരണ മാതൃക സൃഷ്ടിക്കുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. 2023 ൽ പ്രസിദ്ധികരിച്ച പാലിയേറ്റീവ് കെയർ കർമപദ്ധതിക്ക് അനുസൃതമായിട്ടാണ് കേരളത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നത്.<br><br>സംസ്ഥാനത്തു നിലവിൽ 1143 പ്രൈമറി പാലിയേറ്റീവ് യൂണിറ്റുകളിലായി ഒന്നര ലക്ഷത്തോളം രോഗികൾക്ക് വീടുകളിൽ പരിചരണം നൽകുന്നു. ഇതിനായി എല്ലാ യൂണിറ്റുകളിലും ഹോം കെയർ സംവിധാനം പ്രവർത്തിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനം വഴി നിയമിതയായിട്ടുള്ള പ്രത്യേക പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി നഴ്സുമാരുടെ നേതൃത്വത്തിൽ ആരോഗ്യപ്രവർത്തകരും സന്നദദ്ധ പ്രവർത്തകരും അടങ്ങുന്ന ടീം ആണ് പരിചരണത്തിന് നേതൃത്വം നൽകുന്നത്. രോഗികൾക്ക് വിദഗ്ധ പരിചരണം ലഭ്യമാക്കുന്ന 345 സെക്കണ്ടറി യൂണിറ്റുകൾ CHC കളിലും മേജർ ആശുപത്രികളിലുമായി പ്രവർത്തിക്കുന്നു. പരിശീലനം ലഭിച്ച മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നഴ്സിംഗ് ഓഫീസർമാരും ഫിസിയോതെറാപ്പിസ്റ്റ്മാരും സന്നദ്ധപ്രവർത്തരും ഉൾപ്പെടുന്നതാണ് സെക്കന്ററി പാലിയേറ്റീവ് കെയർ ടീം. പ്രത്യേക പരിചരണം ആവശ്യമുള്ള മുപ്പതിനായിരത്തിലധികം രോഗികൾക്കും കുടുംബങ്ങൾക്കും സെക്കണ്ടറി യൂണിറ്റുകൾ മുഖേന വീടുകളിൽ പരിചരണം ലഭ്യമാകുന്നു. സന്നദ്ധ മേഖലയിൽ വീടുകളിൽ മെഡിക്കൽ, നഴ്സിംഗ് പരിചരണം ലഭ്യമാക്കുന്ന 500 ൽ അധികം യൂണിറ്റുകൾ പ്രവർത്തിക്കുന്നു. മാനസിക, സാമൂഹ്യ പരിചരണം ലഭ്യമാക്കുന്ന 1500 ൽ അധികം |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളുമുണ്ട്. പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരും അവർ പ്രദേശികമായി കണ്ടെത്തി നിയമിക്കുന്ന ആരോഗ്യപ്രവത്തകരുമാണ് വീട്ടുകളിലെത്തി രോഗികളെ പരിചരിക്കുന്നത്. സന്നദ്ധ പ്രവർത്തകരുടെ വലിയ രീതിയിൽ ഉള്ള പങ്കാളിത്തമാണ് കേരളത്തിലെ പാലിയേറ്റീവ് പരിചരണത്തെ വേറിട്ട് നിർത്തുന്നത്. നിലവിൽ ഒരു ലക്ഷത്തിൽ അധികം സന്നദ്ധപ്രവർത്തകർ ഈ മേഖലയിൽ ഉണ്ട്. |
| (ബി) | പ്രസ്തുത മാതൃക വിജയകരമായി നടപ്പാക്കുന്നതിലൂടെ ലോകാരോഗ്യ സംഘടനയുടെ അഭിനന്ദനത്തിന് അർഹമാകുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | 2023 ഒക്ടോബറിൽ പുറത്തിറക്കിയ പാലിയേറ്റീവ് കെയർ റിപ്പോർട്ടിൽ ലോകാരോഗ്യ സംഘടന ഇന്ത്യക്കും മറ്റു വികസ്വര രാജ്യങ്ങൾക്കും മാതൃകയായി കേരളത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങളെ ഉയർത്തികാണിച്ചിട്ടുണ്ട്. അർഹരായ എല്ലാവർക്കും സന്നദ്ധ സംഘടനകളുടെയും സന്നദ്ധ പ്രവർത്തകരുടെയും പങ്കാളിത്തത്തോടെ ആരോഗ്യ സ്ഥാപനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ മികച്ച പാലിയേറ്റീവ് പരിചരണം ലഭ്യമാക്കുന്ന മാതൃകയായിട്ടാണ് കേരളത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന വിലയിരുത്തിയിട്ടുള്ളത്. കേരളത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കണ്ടു മനസിലാക്കുവാനും പഠിക്കുവാനും മറ്റു സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും ഭരണകർത്താക്കളും ആരോഗ്യപ്രവർത്തകരും കേരളത്തിൽ എത്തുന്നുണ്ട്. ഹിമാചൽ പ്രദേശ് ആരോഗ്യമന്ത്രിയും ഹെൽത്ത് സെക്രട്ടറിയും 2025 ൽ കേരളം സന്ദർശിച്ച പാലിയേറ്റീവ് പ്രവർത്തനങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കി. തുടർന്ന് ഹിമാചൽ പ്രദേശിൽനിന്ന് 70 ഡോക്ടർമാരെയും 70 നഴ്സുമാരെയും തിരഞ്ഞെടുത്തു കേരളത്തിലേക്ക് പരിശീലനത്തിനയച്ചു. കേരളത്തിൽ അവർക്കു നാല് ബാച്ചുകളിലായി പ്രായോഗിക പരിശീലനം ഉൾടെടെയുള്ള 10 ദിവസത്തെ പാലിയേറ്റീവ് കെയർ ഫൗണ്ടേഷൻ കോഴ്സ് നൽകി. ഇത് പോലെ 2024 ൽ Chhattisgarh ൽ നിന്നുള്ള ആയുഷ് മെഡിക്കൽ ഓഫീസർമാർക്കും കേരളത്തിൽ പരിശീലനം നൽകി. UK, Germany തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ആരോഗ്യപ്രവർത്തകരും കേരളത്തിലെ പാലിയേറ്റീവ് പ്രവത്തനങ്ങൾ പഠിക്കുവാൻ 2025 ൽ എത്തി. കേരളത്തിൽ പാലിയേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരെ മറ്റു രാജ്യങ്ങളും സംസ്ഥാനങ്ങളും പാലിയേറ്റീവ് കെയർ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുവാൻ നിരന്തരമായി ക്ഷണിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ കിടപ്പുരോഗികൾക്ക് കൃത്യമായ പരിചരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സാർവ്വത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയും കേരള കെയർ പാലിയേറ്റീവ് പരിചരണ പദ്ധതിയും കേരള കെയർ പാലിയേറ്റീവ് ശൃംഖലയും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ കിടപ്പ് രോഗികൾക്ക് കൃത്യമായ പരിചരണം ഉറപ്പാക്കുവാൻ സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതി കേരള സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ ഏകോപനം മികച്ച രീതിയിൽ സാധ്യമാക്കുന്നതിനായി പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചു. പരിചരണം നൽകുന്ന എല്ലാ യൂണിറ്റുകളും ഗ്രിഡിന്റെ ഭാഗമായി മാറും. നിലവിൽ സർക്കാർ മേഖലയിലെ മുഴുവൻ പ്രൈമറി, സെക്കന്ററി യൂണിറ്റുകളും സന്നദ്ധ മേഖലയിൽ നിന്നും ആയിരത്തിൽ അധികം യൂണിറ്റുകളും ഗ്രിഡിന്റെ ഭാഗമാണ്. രണ്ടര ലക്ഷത്തോളം കിടപ്പിലായ രോഗികളുടെ പരിചരണം ഇന്ന് ഗ്രിഡിലൂടെ സാധ്യമാകുന്നു. ഒരു രോഗിയെ ഏതു യൂണിറ്റിലെ പ്രവർത്തകർ കണ്ടാലും വിവരങ്ങൾ ഗ്രിഡിൽ രേഖപ്പെടുത്തുന്നതുകൊണ്ട് പരിചരണത്തിന്റെ തുടർച്ച സാധ്യമാകുന്നു. കിടപ്പിലല്ലാത്ത എന്നാൽ ഗുരുതര രോഗ പീഡകൾ അനുഭവിക്കുന്നവരെ MLSP നഴ്സുമാർ വഴി ഗ്രിഡിൽ രജിസ്റ്റർ ചെയ്തു വിവിധ യൂണിറ്റുകളുടെ സഹകരണത്തോടെ തുടർപരിചരണം ലഭ്യമാക്കുന്നു. രോഗികൾക്കു സ്വയം രജിസ്റ്റർ ചെയ്തു ആവശ്യങ്ങൾ രേഖപ്പെടുത്തുവാനും പരിചരണ വിവരങ്ങൾ കാണുവാനും ഗ്രിഡിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.<br><br>സന്നദ്ധപ്രവർത്തകരുടെ വലിയ രീതിയിൽ ഉള്ള പങ്കാളിത്തമാണ് കേരളത്തിലെ പാലിയേറ്റീവ് പരിചരണത്തെ വേറിട്ട് നിർത്തുന്നത്. നിലവിൽ ഒരു ലക്ഷത്തിൽ അധികം നന്നദ്ധ്രപവർത്തകർ ഈ മേഖലയിൽ ഉണ്ട്. ആഴ്ചയിൽ ഒരു മണിക്കൂർ തങ്ങളുടെ അടുത്തുള്ള രോഗിക്കുവേണ്ടി ചിലവഴിക്കാൻ താല്പര്യമുള്ള ആർക്കും സന്നദ്ധ സേനാ പോർട്ടലിൽ അപേക്ഷ നൽകാം. ഗ്രിഡിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി രോഗികൾക്ക് പരിചരണം ലഭ്യമാക്കുന്നത് സംബന്ധിച്ച് 3 ദിവസത്തെ പരിശീലനം നൽകി നന്നദ്ധപ്രവർത്തകരെ ഗ്രീഡിന്റെ ഭാഗമാക്കുന്നു. ഓരോ കിടപ്പിലായ രോഗിയുടെയും സമീപപ്രദേശത്തു പരിശീലനം ലഭിച്ച ഒരു സന്നദ്ധ പ്രവർത്തകന്റെ സാന്നിധ്യം ലഭ്യമാക്കുവാൻ ആണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ഡി) | നവകേരള കർമ്മ പദ്ധതി രണ്ടിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ഡി) | നവ കേരളം കർമ്മപദ്ധതി-ആർദ്രം മിഷൻ രണ്ടിന്റെ ഭാഗമായി സംസ്ഥാനത്ത് സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാനിന് രൂപം നൽകിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ നയത്തിനോട് |

| | | | |
|---|---|---|---|
| | | | അനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ഒരു നയരേഖയാണ് ഈ ആക്ഷൻ പ്ലാൻ. പാലിയേറ്റീവ് കെയർ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ, സർക്കാർ ഇതര സംവിധാനങ്ങൾ നടപ്പിലാക്കേണ്ട വിവിധ പരിപാടികളെ കുറിച്ച് കർമപദ്ധതിയിൽ കൃത്യമായി വിശദീകരിക്കുന്നുണ്ട്. ഈ ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പിലൂടെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലൂടെയും ആയുഷ് വകുപ്പിലൂടെയും ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ആക്ഷൻ പ്ലാൻ നടത്തിപ്പിന്റെ മേൽനോട്ടം ഉറപ്പാക്കുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ പാലിയേറ്റീവ്-സാന്ത്വന പരിചരണ മേഖലയെ കൂടുതൽ അർത്ഥപൂർണ്ണമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ഇ) | സംസ്ഥാനത്ത് സാന്ത്വന പരിചരണത്തിന് ആവശ്യമായ എല്ലാ നിർദേശങ്ങളും പാലിയേറ്റീവ് കെയർ കർമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ മേഖലയിൽ നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ഭാഗമാകും. രോഗികൾക്ക് പരിചരണത്തിന്റെ തുടർച്ച ഉറപ്പാക്കുവാൻ ഇത് സഹായിക്കും. 20,000 ജനസംഖ്യക്ക് ഒരു ഹോം കെയർ യൂണിറ്റ് എന്ന രീതിയിൽ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഹോം കെയർ യൂണിറ്റിന്റെ എണ്ണം വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വീടുകളിൽ മരുന്നും മറ്റു അടിയന്തര സഹായങ്ങളും എത്തിക്കാവുന്ന രീതിയിൽ സെക്കണ്ടറി യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും തുടർച്ചയായി പരിചരണം ആവശ്യമുള്ള രോഗികൾക്ക് പരിശീലനം ലഭിച്ച കെയർ ഗിവർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പാരപ്ലീജിയ രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. എല്ലാ കിടപ്പ് രോഗികളെയും തൊട്ടടുത്ത പ്രദേശത്തുള്ള പരിശീലനം ലഭിച്ച ഒരു സന്നദ്ധ പ്രവർത്തകനുമായി ബന്ധിപ്പിക്കുകയും അത് വഴി സാമൂഹിക പിന്തുണ ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. പ്രൈവറ്റ് ആശുപത്രികൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകർക്ക് പാലിയേറ്റീവ് പരിശീലനം നൽകി ആശുപ്രതികളിൽ അഡ്മിറ്റ് ആവുന്ന സമയത്തും നിർദിഷ്ട പരിചരണം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ആയുഷ് മേഖലയിലും പാലിയേറ്റീവ് പ്രവർത്തനങ്ങൾ ശാക്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലിയേറ്റിവ് കെയർ രംഗത്ത് നിലവിലുള്ള സന്നദ്ധ സംഘടനകളെ |

| | | | |
|---|---|---|---|
| | | | ശാക്തീകരിക്കുന്നതിനും പുതിയ വ്യക്തികളേയും, സന്നദ്ധ സംഘടനകളെയും പാലിയേറ്റീവ് കെയർ മേഖലയിലേക്ക് കൊണ്ടുവരുന്നതിനുള്ള പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ